പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3453 — 14.10.2011 ൽ മറുപടിക്ക്

## കെ.എസ്.എഫ്.ഡി.സി./ സിനിമാ തീയേറ്റർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി.) |
| (എ) പുതിയ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ഫിലിം ഡവലപ്മെന്റ് കോർപറേഷൻ ജീവനക്കാർക്കും അനുവദിച്ചു നൽകിയിട്ടുണ്ടോ ; | (എ), (ബി), (സി) & (ഡി) കേരള ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ പുതിയ ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടില്ല. |
| (ബി) പ്രസ്തുത കോർപ്പറേഷന്റെ കീഴിൽ വരുന്ന തീയേറ്ററുകളിലെ ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | |
| (സി) അവധി സംബന്ധിച്ച ആനുകൂല്യങ്ങൾ കെ.എസ്.എഫ്.ഡി.സി. യിലെയും സിനിമാ തീയേറ്ററുകളിലെയും ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ ; അവിടങ്ങളിലെ താൽക്കാലിക ജീവനക്കാർക്ക് ലഭിക്കുന്ന അവധികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ ; | |
| (ഡി) സർക്കാർ ജീവനക്കാരുടെ ഭാര്യമാരുടെ പ്രസവത്തിന് ഭർത്താക്കന്മാർക്ക് അനുവദിച്ചിട്ടുള്ള അവധി കോർപ്പറേഷനിലേയും തീയേറ്ററുകളിലേയും താൽക്കാലിക ജീവനക്കാർക്ക് ലഭ്യമാണോ എന്നു വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ